"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. സജീവ് ലാൽ എസ്. ന് എതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2816/2025/LSGD തീയതി,തിരുവനന്തപുരം, 15-11-2025

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 10/12/2014 ലെ റിപ്പോർട്ട്
2. പഞ്ചായത്ത് ഡയറക്ടറുടെ 09/03/2015 ലെ ഡി3-3160/2015 നമ്പർ കത്ത്.
3. സർക്കാരിന്റെ 17/07/2016 ലെ ഇപിബി2/53/2015/തസ്വഭവ. നമ്പർ കുറ്റപത്രം.
4. സർക്കാരിന്റെ 17/03/2020 ലെ ഇപിബി2/53/2015/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ. എസ്. സജീവ് ലാൽ 18/01/2023 ൽ സമർപ്പിച്ച എതിർവാദ പത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/01/2024 ലെ LSGD/PD/5266/2023-VIGA1 നമ്പർ അഭിപ്രായ റിപ്പോർട്ട്.
7. സ.ഉ.(സാധാ)നം.352/2024/തസ്വഭവ. തീയതി, 13/02/2024.
8. തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 01/07/2024 ലെ LSGD/JD/TVM/814/2023-B4 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
9. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29/06/2015 ലെ E1 (SC 17/2015/TVM) 6673/2015 നമ്പർ കത്ത്.
10. സർക്കാരിന്റെ 31/12/2015 ലെ 633 ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം.
11. ശ്രീ. സജീവ് ലാൽ 21/03/2016 ൽ സമർപ്പിച്ച എതിർവാദപത്രിക.
12. പഞ്ചായത്ത് ഡയറക്ടറുടെ 15/02/2020 ലെ ഡി3 - 20294/14 നമ്പർ കത്ത്.
13. സ.ഉ.(സാധാ)നം.1334/2022/തസ്വഭവ. തീയതി, 29/05/2022.
14. തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 13/07/2022 ലെ ഡി-10671/2014 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

15. സർക്കാരിന്റെ 02/11/2022 ലെ ഇപിബി2/633/2015/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
16. ശ്രീ. സജീവ് ലാൽ 18/01/2023 ൽ സമർപ്പിച്ച മറുപടി.
17. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/06/2023 ലെ LSGD/PD/3616/2023-VIGA1 നമ്പർ അഭിപ്രായ റിപ്പോർട്ട്.
18. സർക്കാരിന്റെ 11/02/2025 ലെ ഇപിബി2/53/2015/തസ്വഭവ. നമ്പർ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്.
19. ശ്രീ. എസ്. സജീവ് ലാൽ 17/03/2025 ൽ സമർപ്പിച്ച മറുപടി.
20. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30/04/2025 ലെ LSGD/PD/5266/2023-VIGA1 നമ്പർ അഭിപ്രായ റിപ്പോർട്ട്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ മുഖേന അന്വേഷണം നടത്തി ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

*കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ പുളിങ്കുടിയിൽ കടൽത്തീരത്തിനു സമീപത്തായി ശ്രീ. നോബർട്ട് ലോറൻസിന് ബി3-15/46/2002-03, ബി3-15/47/2002-03, ബി3-15/48/2002-03, ബി3-15/49/2002-03 എന്നീ നാല് പെർമിറ്റുകൾ പ്രകാരം ഓലമേഞ്ഞ കുടിലുകൾക്ക് VI/1380, 1381 1382 1383 നമ്പർ അനുവദിച്ചിരുന്നു. ശ്രീ. നോബർട്ട് ലോറൻസ് ടി വസ്തുവും അതിലെ കെട്ടിടങ്ങളും ശ്രീമതി പി. പ്രസന്നകുമാരിക്ക് വിൽപ്പന നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നല്കണമെന്നാവശ്യപ്പെട്ട് ശ്രീമതി പി. പ്രസന്നകുമാരി പഞ്ചായത്തിൽ അപേക്ഷ നല്കിയെങ്കിലും കെട്ടിടം പരിവർത്തനം നടത്തി മേൽക്കൂര കോൺക്രീറ്റ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥാവകാശം മാറ്റി നൽകിയില്ല. ഇതിനെതിരെ ശ്രീമതി പി. പ്രസന്നകുമാരി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനെ സമീപിക്കുകയും ഒ.പി. 1055/2008 നമ്പർ കേസ് ഫയൽ ചെയ്യുകയും 04.10.2008-ലെ ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം മാറ്റി നല്കുകയും ചെയ്തു. തുടർന്ന് ശ്രീമതി ബീന സരസൻ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയ ഉത്തരവിനെതിരെ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനിൽ നേരത്തെ നല്കിയ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് പെറ്റീഷൻ ഫയൽ ചെയ്തതിൽ ഒ.പി. 108/11 നമ്പർ കേസിലെ 24.01.2012-ലെ ഉത്തരവ് പ്രകാരം VI/1380, 1381, 1382, 1983 എന്നി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നല്കിയത് റദ്ദു ചെയ്ത് അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി വിധിക്കെതിരെയും പഞ്ചായത്തിന്റെ നടപടിക്കെതിരെയും ശ്രീമതി പ്രസന്നകുമാരി ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 11186/2012 (W) നമ്പറായി കേസ് ഫയൽ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന്റെ 24/01/2012 ലെ ഉത്തരവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയും 2 മാസക്കാലയളവിലേയ്ക്ക് മാത്രമായി സ്റ്റേ ചെയ്തുകൊണ്ട്*

*11/05/2012-ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.*

*ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീമതി പി. പ്രസന്നകുമാരി 23/05/2012 ൽ ടി കെട്ടിടത്തിൽ ആയുർവേദ പഞ്ചകർമ്മ സെന്റർ തുടങ്ങുന്നതിന് ലൈസൻസിന് വേണ്ടി അപേക്ഷ നല്കുകയും ഗ്രാമ പഞ്ചായത്ത് കേസുകൾ കൈകാര്യം ചെയ്യുന്ന വക്കീലിന്റെ നിയമോപദേശം അനുസരിച്ച് ബഹു. ഹൈക്കോടതിൽ നിലനിൽക്കുന്ന കേസുകളുടെ തീർപ്പുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 10/07/2012 ൽ മുൻ സെക്രട്ടറി ശ്രീ. സി. ബാബു ഡി&ഒ ട്രേഡ് ലൈസൻസ് അനുവദിക്കുകയുണ്ടായി. തുടർന്ന് വന്ന വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സജീവ് ലാൽ 31.07.2013-ന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതി കേസ് സംബന്ധിച്ച സ്റ്റേയുടെ കാലവധി കഴിഞ്ഞതിനു ശേഷവും സ്വീകരിക്കേണ്ട നടപടിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് അതുവരെ നീക്കങ്ങളൊന്നും നടത്തിയിട്ടില്ല. അതിനാൽ തീരദേശ പരിപാലന നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ സമയബന്ധിതമായും നിയമാനുസൃതമായും നടപടി സ്വീകരിക്കാതിരിക്കുക വഴി കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എസ്. സജീവ്ലാലിന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും ചട്ടലംഘനവും ഉണ്ടായിരിക്കുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.*

2. മേൽ ക്രമക്കേടിന് ശ്രീ. സജീവ് ലാലിനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. ടിയാൻ 31.05.2019-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

3. ശ്രീ. സജീവ്ലാൽ എസ്. പരാമർശം (5) പ്രകാരം സമർപ്പിച്ച എതിർവാദവിവര പത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (7) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും പരാമർശം (8) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4. എന്നാൽ ശ്രീ. എസ്. സജീവ്ലാൽ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ മറ്റൊരു കേസിൽ, ചട്ടവിരുദ്ധമായി ഇരുനില കെട്ടിടത്തിന് അനുമതിയും ഉടമസ്ഥാവകാശവും നൽകിയെന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റ്, അസിസ്റ്റന്റ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ 10.03.2015 ൽ കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ മിന്നൽ പരിശോധന നടത്തി പരാമർശം (9) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, കേരള പഞ്ചായത്ത് ബിൽഡിംഗ്സ് റൂൾ 2011 ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് ശ്രീ. ഹരിശ്ചന്ദ്രൻ എന്ന വ്യക്തിക്ക് ഉച്ചക്കടയിൽ വ്യാപാരസ്ഥാപനം നിർമ്മിക്കുന്നതിന് അനുവാദം നൽകിയതെന്നും വ്യാവസായിക ആവശ്യത്തിനായും വാസഗൃഹമായും ഉപയോഗിക്കുന്നതിലേയ്ക്കായാണ് ഇരുനില കെട്ടിടത്തിനായി ആദ്യം അപേക്ഷ സമർപ്പിച്ചിരുന്നതെങ്കിലും കെട്ടിടത്തിന്റെ രണ്ട് നിലകളും വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുകയും തുടർന്ന് ഇതേ ആവശ്യത്തിനായി ഒരു

നിലകൂടി നിർമ്മിച്ച ടി കെട്ടിടത്തിന്, ബന്ധപ്പെട്ട അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാൻ പാടില്ല എന്ന് 15.06.2013 ലെ 32131/RA/2012/LSGD നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കെ, ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് പഞ്ചായത്ത് സെക്രട്ടറി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയെന്നും കണ്ടെത്തുകയും ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. സജീവ്‌ലാലിനെതിരെ അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

5. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (10) പ്രകാരം സർക്കാർ കുറ്റപത്രം നൽകി ശ്രീ. സജീവ് ലാൽ-നെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ടി കുറ്റപത്രത്തിന് പരാമർശം (11) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (12) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ, ഗുരുതരമായ കൃത്യവിലോപവും ചട്ടലംഘനവും കണ്ടെത്തിയ സാഹചര്യത്തിലും കുറ്റപത്രത്തിലെ ആരോപണങ്ങൾ ടിയാൻ നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിലും ആരോപണ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (13) പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും പരാമർശം (14) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ, കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിലും കെട്ടിടം ക്രമവൽക്കരിച്ചുനൽകിയതിലും ചട്ടലംഘനം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്.

6. തുടർന്ന് ശ്രീ. സജീവ്‌ലാൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ വിജിലൻസ് ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ പരിശോധിച്ചതിൽ ടിയാന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും അധികാര ദുർവ്വിനിയോഗവും ചട്ടലംഘനവും നടത്തിയിരിക്കുന്നു എന്ന് കണ്ടതിനാൽ കെ.എസ്.ആർ. പാർട്ട് 3 റൂൾ 3 (എ) പ്രകാരം അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (15) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സജീവ് ലാൽ പരാമർശം (16) പ്രകാരം എതിർവാദ പത്രിക സമർപ്പിക്കുകയും ആയതിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (17) പ്രകാരം അഭിപ്രായ റിപ്പോർട്ടും ലഭ്യമാക്കിയിരുന്നു.

7. സ.ഉ.(അച്ചടി) നം.82/2022/ധന. തീയതി 04.07.2022 പ്രകാരം വിരമിച്ച ഒരു ജീവനക്കാരനെതിരെ കെ.എസ്.ആർ. ഭാഗം III ലെ ഏതെങ്കിലും ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചുവരവെ മറ്റൊരു കേസിൽ കെ.എസ്.ആർ. ഭാഗം III ലെ മറ്റൊരു ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാതെ രണ്ടാമത്തെ കേസും കൂടി ഉൾപ്പെടുത്തി ആദ്യ കേസിൽ അച്ചടക്ക നടപടി തുടരേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ശ്രീ. സജീവ്‌ലാലിനെതിരെ കെ.എസ്.ആർ. പാർട്ട് III ചട്ടം 3 (എ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ടു നൽകിയ കാരണം കാണിക്കൽ നോട്ടീസുകൾ റദ്ദാക്കി ടി രണ്ടു കേസുകളും ഒന്നിച്ച് പരിഗണിച്ച് മേൽ ഖണ്ഡികകൾ 2, 5 എന്നിവയിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള കുറ്റാരോപണങ്ങൾക്ക് ടിയാൻ ഉത്തവാദിയാണെന്ന് കണ്ട് കെ. എസ്. ആർ. ഭാഗം III ചട്ടം 59(b) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്നും 500/- രൂപ വീതം ആജീവനാന്തം കുറവു വരുത്താൻ സർക്കാർ താൽകാലിമായി തീരുമാനിച്ച് പരാമർശം (18)

പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

**8.** പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എസ്. സജീവ് ലാൽ പരാമർശം **(19)** പ്രകാരം സമർപ്പിച്ച മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(20)** പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

*കോട്ടുകാൽ പഞ്ചായത്തിൽ നിന്നും **2017**-ൽ വിടുതൽ ചെയ്യുന്നത് വരെ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും ഹൈക്കോടതി കേസ് സംബന്ധിച്ച സ്റ്റേയുടെ കാലാവധി കഴിഞ്ഞതിന് ശേഷം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുമായി ആലോചിച്ച് നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീ. ഷിബു തോമസ്സ്, ശ്രീമതി പ്രസന്നകുമാരിയിൽ നിന്നും ടി സ്ഥാപനം വിലയ്ക്ക് വാങ്ങിയിട്ട് ഉടമസ്ഥാവകാശം മാറ്റുന്നതിന് ആഫീസിൽ അപേക്ഷ നൽകിയെങ്കിലും ഉടമസ്ഥാവകാശം മാറ്റി നൽകിയിരുന്നില്ലെന്നും പ്രവർത്തനാനുമതിയ്ക്ക് അപേക്ഷ നൽകിയിട്ടും പ്രവർത്തനാനുമതി പുതുക്കി നൽകിയിരുന്നില്ലെന്നും ഹൈക്കോടതി കേസ് സംബന്ധിച്ച് സ്റ്റേയുടെ കാലാവധി കഴിഞ്ഞതിന് ശേഷം നിയമോപദേശം സ്വീകരിച്ച് പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് സെക്രട്ടറി എന്ന നിലയിൽ എല്ലാവിധ നിയമങ്ങളും പാലിച്ചു കൊണ്ട് കോടതി വിധി പ്രകാരം കണ്ടെത്തിയിട്ടുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൊളിച്ചു മാറ്റാൻ ആവശ്യമായ നോട്ടീസുകൾ നല്കിയിട്ടുള്ളതും സങ്കീർണ്ണമായ നിയമ പ്രശ്നങ്ങൾ ഉള്ളതിനാലാണ് കാലതാമസമുണ്ടായതെന്നും കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. എസ്. സജീവ് ലാലിന്റെ വിശദീകരണത്തിൽ ബോധിപ്പിച്ചിട്ടുണ്ട്.*

*ശ്രീ. സജീവ് ലാൽ **15.11.2012** മുതൽ **08.05.2017** വരെയുള്ള കാലയളവിലാണ് കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നത്. ശ്രീമതി പി. പ്രസന്നകുമാരിയ്ക്ക് ഉണ്ടായിരുന്ന ലൈസൻസ് **31.07.2013** ന് പുതുക്കി നൽകിയതിന് ശേഷം ശ്രീ. സജീവ് ലാൽ കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുന്നത് വരെ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല. മേൽ വിഷയത്തിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C) 1186/2012** നമ്പർ റിട്ട് പെറ്റിഷൻ **08.11.2016** ലും റിട്ട് അപ്പീൽ **(WA 314/2017) 12.06.2017** ലും **DISMISS** ചെയ്തതായി കാണുന്നു. കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ പുളിങ്കുടിയിൽ കടൽ തീരത്തിന് സമീപത്തായി ഉണ്ടായിരുന്ന **1380, 1381, 1382, 1383** എന്നീ കെട്ടിടങ്ങൾ നിലവിൽ പൊളിച്ചു മാറ്റിയിട്ടുണ്ട്. ശ്രീമതി പ്രസന്നകുമാരിയ്ക്ക് **31/07/2013** ന് ലൈസൻസ് പുതുക്കി നൽകിയതിന് ശേഷം കോട്ടുകാൽ പഞ്ചായത്തിൽ നിന്നും ശ്രീ സജീവ് ലാൽ എസ് വിടുതൽ ചെയ്യുന്നത് വരെ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നുള്ള വസ്തുതയും ടി കെട്ടിടങ്ങൾ നിലവിൽ പൊളിച്ചു നീക്കിയിട്ടുണ്ടെന്നുള്ളതും പരിഗണിച്ച് ടിയാന്റെ വിശദീകരണം പരിഗണിക്കാമെന്ന് കാണുന്നു.*

**9.** മേൽ ഖണ്ഡിക 4-ൽ വിവരിക്കുന്ന രണ്ടാമത്തെ കേസിന്മേലുള്ള ശ്രീ. സജീവ് ലാൽ സമർപ്പിച്ച മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയും പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്.

*15/06/2013-ലെ 32131/ആർ.എ.1/2012/എൽ.എസ്.ജി.ഡി. സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ എക്സ്പെർട്ടിന്റെ സ്ഥല പരിശോധന പ്രകാരമുള്ള*

*ശിപാർശ സ്വീകരിച്ച് മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ വിഭാഗത്തിന് പ്രസ്തുത അപേക്ഷ കൈമാറുകയും തുടർന്ന് ടെക്നിക്കൽ വിഭാഗത്തിലെ ഓവർസിയർ ആയ ശ്രീ. എസ്. ബ്രൈറ്റ് സിംഗ് സ്ഥല പരിശോധന റിപ്പോർട്ടും കെട്ടിടനിർമ്മാണ അനുമതി നൽകാമെന്നുള്ള ശുപാർശയും നൽകിയതിനാൽ നിയമപരമായ രേഖകളുടെയും ടി റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ആണ് കെട്ടിടനിർമ്മാണ അനുമതിയും കെട്ടിടത്തിന് ഒക്യുപൻസി നമ്പർ നൽകിയതും എന്നാണ് കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. എസ്. സജീവ് ലാൽ വിശദീകരണത്തിൽ ബോധിപ്പിച്ചിട്ടുള്ളത്.*

*കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. ഹരിചന്ദ്രൻ, ശ്രീ സുരേഷ് കുമാർ എന്നിവർ പണിതിട്ടുള്ള ഇരുനില കെട്ടിടത്തിനാകെ **378.23** ച.മീ വിസ്തൃതിയുണ്ട്. ഒന്നാം നിലയിൽ പാർപ്പിടാവശ്യത്തിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. എന്നാൽ വാണിജ്യാവശ്യത്തിനാണ് നിർമ്മാണം നടത്തിയിട്ടുള്ളത് ആയത് അധിക ഫീസ് നൽകി സെക്രട്ടറി ക്രമവൽക്കരിച്ച് നൽകി. ടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ അഞ്ചും രണ്ടാം നിലയിൽ മൂന്നും കടമുറികൾക്ക് നമ്പർ നൽകിയിട്ടുണ്ട്. രണ്ടാം നിലയിൽ പാർപ്പിടാവശ്യത്തിന് നമ്പർ നൽകിയതിൽ വാണിജ്യാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. ശരിയായ സ്ഥല പരിശോധന നടത്താതെയാണ് സെക്രട്ടറി കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതെന്ന് കാണുന്നു. കൂടാതെ **15/06/2013** ലെ **32131/RA/2012/LSGD** സർക്കുലറിലെ വ്യവസ്ഥകൾ സെക്രട്ടറി പാലിച്ചതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ ടിയാന്റെ വിശദീകരണം അംഗീകരിക്കാൻ കഴിയില്ല എന്ന് കാണുന്നു.*

**10.** ശ്രീ. സജീവ് ലാലിന്റെ പ്രതിവാദ പത്രികയിലെ വാദഗതികളും ആയതിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടും പരിശോധിച്ചതിൽ, കോട്ടുകാൽ ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ പുളിങ്കുടിയിൽ കടൽത്തീരത്തിന് സമീപം അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ സമയബന്ധിതമായും നിയമാനുസൃതമായും നടപടി സ്വീകരിക്കാതിരുന്നതുമായി ബന്ധപ്പെട്ടുള്ള ആരോപണം സംബന്ധിച്ച്, പരാമർശ കെട്ടിടങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസിന്റെ തീർപ്പിനുവിധേയമായി മുൻ സെക്രട്ടറിയാണ് **10.07.2012**-ൽ ലൈസൻസ് അനുവദിച്ചിരുന്നതെന്നും **31.07.2013**-ന് സെക്രട്ടറിയായിരുന്ന ശ്രീ. സജീവ് ലാൽ പ്രസ്തുത ലൈസൻസ് പുതുക്കി നൽകുകയാണുണ്ടായതെന്നും, ടിയാൻ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നതിനാലും, അനധികൃതമായി നിർമ്മിച്ച പരാമർശ കെട്ടിടങ്ങൾ നിലവിൽ പൊളിച്ചു മാറ്റിയിട്ടുള്ളതും കണക്കിലെടുത്ത് ശ്രീ. സജീവ് ലാലിന്റെ വിശദീകരണം പരിഗണിച്ച് പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി കുറ്റാരോപണത്തിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്ന് കാണുന്നു.

**11.** കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ചട്ടവിരുദ്ധമായി ഇരുനില കെട്ടിടത്തിന് അനുമതിയും ഉടമസ്ഥാവകാശവും നൽകിയെന്നതുമായി ബന്ധപ്പെട്ട രണ്ടാമത്തെ ആരോപണം സംബന്ധിച്ച് ടിയാന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ആരോപണം നിലനിൽക്കുന്നതായി നിരീക്ഷിച്ച് ആയത് ടിയാളുടെ ഭാഗത്ത് നിന്നുണ്ടായ അച്ചടക്ക ലംഘനവും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയുമായി കണ്ട് ടിയാന്റെ പ്രതിമാസ

പെൻഷനിൽ നിന്നും **500/-** രൂപ സ്ഥിരമായി കുറവ് ചെയ്യാവുന്നതാണെന്ന് താത്കാലികമായി നിശ്ചയിച്ച ശിക്ഷ സ്ഥിരപ്പെടുത്തുന്നതിന് മുമ്പ് ടിയാനെ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി **03.07.2025**-ൽ നേരിൽ കേൾക്കുകയുണ്ടായി.

**12.** നേരിൽ കേട്ട വേളയിൽ ശ്രീ. സജീവ് ലാൽ, കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയിൽ പരാമർശിച്ചിട്ടുള്ള വാദഗതികൾ തന്നെ ആവർത്തിക്കുകയുണ്ടായി. എതിർവാദ പത്രികയിലെ വാദഗതികൾക്കുപരിയായി മറ്റൊന്നും ബോധിപ്പിക്കാനില്ലെന്ന് രേഖാമൂലം ടിയാൻ ഹിയറിംഗ് ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**13.** മേൽ സാഹചര്യത്തിൽ, പരാമർശം **(18)** ലെ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സജീവ് ലാൽ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദഗതികളും ആയതിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിന്റെയും, ടിയാനെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ കോട്ടുകാൽ ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ പുളിങ്കുടിയിൽ കടൽത്തീരത്തിന് സമീപം അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ സമയബന്ധിതമായും നിയമാനുസൃതമായും നടപടി സ്വീകരിക്കാതിരുന്നതുമായി ബന്ധപ്പെട്ടുള്ള ആരോപണം സംബന്ധിച്ച ആദ്യ കേസിൽ ടിയാനെതിരെയുള്ള കുറ്റാരോപണങ്ങളിൽ നിന്നും ടിയാനെ ഒഴിവാക്കിയും, കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ചട്ടവിരുദ്ധമായി ഇരുനില കെട്ടിടത്തിന് അനുമതിയും ഉടമസ്ഥാവകാശവും നൽകിയെന്ന ആരോപണം സംബന്ധിച്ച രണ്ടാമത്തെ കേസിൽ ടിയാന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി ബോധ്യമായ സാഹചര്യത്തിൽ, **KSR Part III Rule 59(b)** പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും **500/-** രൂപ സ്ഥിരമായി കുറവ് ചെയ്യാനെടുത്ത കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. എസ്. സജീവ് ലാൽ, മുൻ സെക്രട്ടറി (റിട്ട.), കോട്ടുകാൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
6. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
7. വിജിലൻസ് (ഡി) വകുപ്പ് *(27/09/2025 ലെ VIG-D3/258/2025-VIG നമ്പർ കുറിപ്പ് പ്രകാരം).*

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഇപിബി2/53/2015/തസ്വഭവ., ഇപിബി2/633/2015/തസ്വഭവ. എന്നീ ഫയലുകളിലേക്ക്)*

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 15-11-2025 16:28:22

സെക്ഷൻ ഓഫീസർ